## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1831** **25.03.2013 ൽ മറുപടിക്ക്**

## കേസുകൾ തീർപ്പാക്കുന്നതിനായി പദ്ധതി

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ.മുരളീധരൻ
ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. എം.എ.വാഹീദ്

(എ) വനം വകുപ്പിൽ തീർപ്പാകാതെ അവശേഷിക്കുന്ന ഭൂരിഭാഗം കേസുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ) യും, (ബി) യും, (സി) യും, (ഡി) യും വനം വകുപ്പിൽ തീർപ്പാകാതെ അവശേഷിക്കുന്ന ഭൂരിഭാഗം കേസുകളും തീർപ്പാക്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നിരുന്നാലും വനം വകുപ്പിൽ തീർപ്പാകാതെ അവശേഷിക്കുന്ന ഭൂരിഭാഗം കേസുകളും ആവശ്യമായ നടപടികൾ സ്വീകരിച്ച് കോടതികളിൽ സർക്കാരിന് അനുകൂലമായ വിധിക്കായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഓഫീസർമാരുടെ പ്രതിവാര മീറ്റിംഗുകളിൽ; കോടതികളിൽ നിലവിലുള്ള കേസുകളിന്മേലുള്ള നടപടിയിലുള്ള പുരോഗതി സംബന്ധിച്ച് അവലോകനം നടത്തി ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ